എൽ.ഇ.ഡി. പദ്ധതി

45 (412) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരസഭയുടെ നേതൃത്വത്തിൽ എൽ.ഇ.ഡി. പദ്ധതി നടപ്പിലാക്കാൻ വൈദ്യുത ബോർഡിൽ പണം അടച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് അടച്ചിട്ടുള്ളതെന്നും എന്നാണ് അടച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് കാലതാമസം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. ആലപ്പുഴ നഗരസഭയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ കരാർ പ്രകാരം എന്നു പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റണമെന്നാവശ്യപ്പെട്ട് 2014 ഏപ്രിൽ, നവംബർ മാസങ്ങളിലായി 3,76,10,220 രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ അടച്ചിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് ബോദ്ധ പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല.

(സി) ഉണ്ട്. കരാർ പ്രകാരം നവംബർ 27-ന് ഈ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

അണ്ടർഗ്രൗണ്ട് കേബിൾ സംവിധാനം

46 (413) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കേബിളുകൾ അണ്ടർ ഗ്രൗണ്ട് ആയി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും പുതുതായി പ്രവൃത്തി എവിടെയെല്ലാം നടക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) നിലവിലെ വൈദ്യുത ലൈൻ സംവിധാനം മാറ്റി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതികളായ APDRP, RAPDRP എന്നീ പദ്ധതികളിൽ ഭൂഗർഭ വൈദ്യുതി കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പുതിയ കേന്ദ്ര സർക്കാർ പദ്ധതിയിലും (IPDS) ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) APDRP പദ്ധതികളിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 654 കി.മീ. നീളത്തിൽ 11 KW ഭൂഗർഭ കേബിൾ സ്ഥാപിച്ചു. ഇതിനുപുറമേ RAPDRP പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ 285 കി.മീ.-ഉം കൊച്ചി നഗരത്തിൽ 125 കി.മീ.-ഉം കോഴിക്കോട് നഗരത്തിൽ 148 കി.മീ.-ഉം ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

നമ്പർ	ജില്ലയുടെ പേര്	UG cable സ്ഥാപിച്ചത് കി.മീ.	ഇനി സ്ഥാപിക്കാനുള്ളത് കി.മീ.
1	തിരുവനന്തപുരം	285+295=580	164
2	കൊല്ലം	13	17
3	ആലപ്പുഴ	31	47
4	കോട്ടയം	2	2
5	എറണാകുളം	125+200=325	167
6	ഇടുക്കി	0.1	4.3
7	തൃശ്ശൂർ	4	33
8	കോഴിക്കോട്	148+159=307	96
9	കണ്ണൂർ	42	152

(സി) നഗര പ്രദേശങ്ങളിൽ RAPDRP പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. പുതിയ പദ്ധതിയായ Integrated Power Development Scheme (IPDS)-ലും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 11 കെ.വി. ലൈൻ വലിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഭാരിച്ച ചെലവാണ് ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ വേണ്ടത്. അതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി ഘട്ടം ഘട്ടമായി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.